(സി & ഡി) ആണ്. സമ്മേളനത്തിൽ മറ്റ് മൂന്ന് സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും വിശിഷ്ട വ്യക്തികളും പങ്കെടുത്തിരുന്നതിനാൽ പ്രോട്ടോകോൾ പ്രകാരമാണ് ആംബുലൻസും ഡ്രൈവറേയും നിയോഗിച്ചത്. അതിനാൽ അതുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്കു തുകയൊന്നും വസൂലാക്കിയിട്ടില്ല.

സി.പി.ഐ (എം) പ്രത്യേക സമ്മേളനത്തിലേയ്ക്ക് ഗവൺമെന്റ് ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ച നടപടി

198 (1133) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഒക്ടോബർ 20-ാം തീയതി തിരുവനന്തപുരം എ.കെ.ജി. സെന്ററിൽ തുടങ്ങിയ സി.പി.ഐ (എം) പ്രത്യേക സമ്മേളനത്തിലേയ്ക്ക് ഗവ. ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവർ ഏത് ആശുപത്രിയിൽ ജോലി ചെയ്തിരുന്നവരാണ് ; എത്രപേർ ഉണ്ടായിരുന്നു ; പ്രസ്തുത ഡോക്ടർമാർ ആരെല്ലാമായിരുന്നു ;

(സി) ഡോക്ടർമാരുടെ സമ്മതം വാങ്ങിയ ശേഷമായിരുന്നുവോ ഇങ്ങനെ നിയോഗിച്ചിരുന്നുത് ; സ്ഥിരമായി എത്രപേർക്ക് ഡ്യൂട്ടി ഉണ്ടായിരുന്നു ;

(ഡി) ഇപ്രകാരം ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയമിച്ചത് നിയമാനുസൃതമാണോ ; ഫീസിനത്തിൽ എത്ര രൂപ വസൂലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവർ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലി ചെയ്തിരുന്നവരാണ്. അവർ നാലുപേർ ഉണ്ടായിരുന്നു. പ്രസ്തുത ഡോക്ടർമാർ താഴെപ്പറയുന്നവരായിരുന്നു.

1. ഡോ. എസ്. വിജയകുമാർ, സിവിൽസർജൻ
2. ഡോ. തങ്കരാജ്, അസി. സർജൻ
3. ഡോ. ദിനേശ്പ്രഭു, അസി. സർജൻ
4. ഡോ. രാധാകൃഷ്ണപിള്ള, അസി. സർജൻ

(സി) ഡോക്ടർമാരുടെ സമ്മതം വാങ്ങിയശേഷമായിരുന്നു അവരെ ഡ്യൂട്ടിക്ക് നിയോഗിച്ചത്. ഡോക്ടർമാരെ പ്രത്യേക ഡ്യൂട്ടിക്കായി റിലീവ് ചെയ്തു. എന്നാൽ അവരുടെ പ്രത്യേക ഡ്യൂട്ടി സമയം അറിയിച്ചിട്ടില്ല.

(ഡി) ഡോക്ടർമാരെ പ്രത്യേക ഡ്യൂട്ടിക്ക് നിയമിച്ചത് നിയമാനുസൃതമാണ്. ഈയിനത്തിൽ ഫീസൊന്നും വസൂലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly